# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026-മാണ്ട് ജനുവരി മാസം 17-ാം തീയതി

## CMP 1/2026 IN MC 5/2026

ഹർജിക്കാർ : 1. സുജാമോൾ, 39 വയസ്സ്, W/o. രതീഷ്,
പുതുവൽ, പുന്നപ്ര, ആലപ്പുഴ - 688 004
2. ശ്രുയ രതീഷ് (മൈനർ), 16 വയസ്, D/o. രതീഷ്,
പുതുവൽ, പുന്നപ്ര, ആലപ്പുഴ - 688 004
3. വേദ രതീഷ് (മൈനർ), 12 വയസ്സ്, D/o. രതീഷ്,
പുതുവൽ, പുന്നപ്ര, ആലപ്പുഴ - 688 004
(മൈനർ ആയ രണ്ടും മൂന്നും ഹർജിക്കാരെ
പ്രതിനിധീകരിച്ച് മാതാവായ ഒന്നാം ഹർജിക്കാരി)
(പ്രതിനിധീകരിക്കുന്നത് അഡ്വ. ബിബിൻ ബാലകൃഷ്ണൻ &
അഡ്വ. അഞ്ജലി ജി)

എതൃകക്ഷികൾ : 1. രതീഷ്, 42 വയസ്സ്, S/o. തുളസീധരൻ,
പുതുവൽ, പുന്നപ്ര, ആലപ്പുഴ - 688 004
2. ശ്യാമള, 53 വയസ്സ്, W/o. തുളസീധരൻ,
പുതുവൽ, പുന്നപ്ര, ആലപ്പുഴ - 688 004
3. മനീഷ, W/o. സുമേഷ്,
നമ്പിശ്ശേരിൽ, പനച്ചവട്, പുന്നപ്ര, ആലപ്പുഴ

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം 23 വകുപ്പ് പ്രകാരമുള്ള ഈ ഹർജി ഏകപക്ഷിയമായി വാദം കേട്ടതിൽ, ഈ കോടതി 17.01.2026 ൽ ടി നിയമത്തിൽ 23(2) വകുപ്പ് പ്രകാരം ഇടക്കാലമായി പുറപ്പെടുവിക്കുന്ന

## ഉത്തരവ്

1. ഹർജിക്കാർ ഹാജർ ഇല്ല. പ്രതിനിധീകരിച്ചു. ഹർജിക്കാർ ഭാഗം വാദം കേട്ടു. രേഖകൾ പരിശോധിച്ചു. ഹർജിക്കാർ ഭാഗം വാദം കേട്ടതിൽ വെച്ച് പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ട് എന്ന് ബോദ്ധ്യം വന്നിരിക്കുന്നു. എതൃകക്ഷികൾക്ക് നോട്ടീസ് അയക്കുന്നതിനുള്ള കാലതാമസം ഈ ഹർജിയുടെ ഉദ്ദേശത്തെ പരാജയപ്പെടുത്തും എന്നതിൽ എതൃകക്ഷികൾക്കെതിരെ താഴെ പറയും വിധം ഇടക്കാല ഉത്തരവ് ആയിരിക്കുന്നു.

2. ഹർജിക്കാരെ ശാരീരികവും മാനസികവുമായി ഉപദ്രവിക്കുന്നതിൽ നിന്നും, "പുതുവൽ, പുന്നപ്ര, ആലപ്പുഴ, പിൻകോഡ്-688004" എന്ന വീട്ടിൽ നിന്നും ഹർജിക്കാരെ ഒഴിപ്പിക്കുന്നതിൽ നിന്നും കൈവശാവകാശത്തിനു അലട്ടൽ ഉണ്ടാക്കുന്നതിൽ നിന്നും എതൃകക്ഷികളെ വിലക്കി 2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമം 18(a), 19(1)(a) വകുപ്പകൾ പ്രകാരം ഉത്തരവായിരിക്കുന്നു.

3. ടി ഉത്തരവ് പുന്നപ്ര സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതും ടിയാൻ ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 ജനുവരി മാസം 17 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ * ഒപ്പ് * അമ്പലപ്പുഴ ബ്ലോക്ക്, പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**